# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:171 08.06.2015 ൽ മറുപടിക്ക്

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണം നടക്കുന്ന സ്ഥലം ഉപയോഗയോഗ്യമാക്കുന്നതിന് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിനും സ്ഫോടനങ്ങൾ നടത്തുന്നതിനും ക്രമപ്രകാരമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; അതിനുവേണ്ടി എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കണ്ണൂർ വിമാനത്താവളത്തിന് വേണ്ടി സ്ഫോടക വസ്തുക്കൾ ഉപയോഗിച്ച് ചെങ്കൽ പൊട്ടിക്കുന്നത് ഡയറക്ടർ ജനറൽ ഓഫ് മൈൻ & സേഫ്റ്റി (DGMS) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചാണ്. ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ്, നാഗ്പൂരിന്റെ 10.6.2014ലെ E/HQ/KA/22/19 (E53779) നമ്പർ നിയമാനുസൃതമായ അനുമതി കത്തു പ്രകാരമാണ് സ്ഫോടനം നടത്തുന്നത്. ഇതിലേക്കായി സ്ഫോടകവസ്തുക്കൾ കണ്ണൂർ ജില്ലയിൽ സൂക്ഷിച്ചിട്ടില്ല. അതാത് ദിവസങ്ങളിൽ ഉഡുപ്പിയിൽ നിന്ന് പ്രവൃത്തി സ്ഥലത്ത് കൊണ്ടുവരുന്നതിനുള്ള കണ്ണൂർ ജില്ലാ കലക്ടറുടെ അനുമതി ലഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ കലക്ടർ & ജില്ലാ മജിസ്ട്രേട്ടിന്റെ 27.05.2014 ലെ 2014/21264/13/D4 -ാം നമ്പർ നടപടിക്രമവും, എൻ.ഒ.സിയും, കണ്ണൂർ അഡീഷണൽ ജില്ലാ മജിസ്ട്രേട്ടിന്റെ 7.2.2014 ലെ 2013/62968/13/D4 -ാം നമ്പർ നടപടിക്രമം എന്നിവ പ്രകാരമാണ് സ്ഫോടനം നടത്തുന്നതിനും സ്ഫോടക വസ്തു പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിനും ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. പദ്ധ |

| | | | |
|---|---|---|---|
| | | | തിപ്രദേശത്ത് സ്ഫോടനം നടത്തുന്നതിന് ആക്ഷേപമില്ലെന്ന് കീഴല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 6.3.2014ലെ എ5/1274/14 -ാം നമ്പർ നിരാക്ഷേപ പത്രവും ലഭിച്ചിട്ടുണ്ട്. സ്ഫോടനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ വിമാനത്താവള കമ്പനി പരിഹരിക്കാൻ ശ്രദ്ധ ചെലുത്തുന്നുണ്ട്. സ്ഫോടനം സംബന്ധിച്ച കാര്യങ്ങൾക്ക് ഈ രംഗത്ത് വൈദഗ്ധ്യമുള്ളവരെ നിയോഗിച്ചിട്ടുണ്ട്. അത്യാധുനിക സംവിധാനമുള്ള യന്ത്രങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത്. അനുവദനീയമായ വൈബ്രേഷൻ പരിധി 5 എം.എം ആണെങ്കിലും 0.3 എം.എംവരെ മാത്രമേ വൈബ്രേഷൻ ഇതുവരെ ഉണ്ടായിട്ടുള്ളു. അനുവദനീയമായ 130 ഡെസിബൽ ശബ്ദ പരിധിക്കുള്ളിൽ ഇതുവരെയായി 115-120 ഡെസിബൽ ശബ്ദം മാത്രമേ ഉണ്ടായിട്ടുള്ളു. ശബ്ദം റെക്കോർഡ് ചെയ്യുന്നതിനും മറ്റും അത്യാധുനിക യന്ത്രം ഉപയോഗിച്ചു വരുന്നുണ്ട്. |
| (ബി) | സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പുവരുത്താതെ സ്ഫോടനങ്ങൾ നടത്തിയതിന്റെ ഫലമായി സമീപവാസികളായ എത്രപേർക്ക് നാശനഷ്ടങ്ങളുണ്ടായതായി പരാതി ലഭിച്ചിട്ടുണ്ടെന്നും പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഏജൻസികൾ നിഷ്കർഷിക്കുന്ന എല്ലാ സുരക്ഷാക്രമീകരണങ്ങളും സ്വീകരിച്ചാണ് സ്ഫോടനം നടത്തുന്നത്. സാങ്കേതികമായ ഒരു വീഴ്ചയും ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിൽക്കൂടി സമീപവാസികൾ ബ്ലാസ്റ്റിംഗ്കൊണ്ട് വീടിന് വിള്ളൽ ഉണ്ടായതായി പരാതികൾ ഉന്നയിച്ചിട്ടുണ്ട്. ഇതുവരെ 185 പരാതികൾ കിയാലിന് ലഭിച്ചിട്ടുണ്ട്. ഇതിനോടകം 143 പരാതികൾക്ക് 30,37,000/- രൂപ വിതരണം ചെയ്തു. 14.2.15ന് എക്സൈസ്, പോർട്സ് & ഫിഷറീസ് വകുപ്പു മന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷിയോഗത്തിൽ പൊളിറ്റിക്കൽ കമ്മിറ്റി രൂപീകരിക്കുകയും അതിന്റെ കൺവീനറായി സ്പെഷൽ തഹസിൽദാർ എൽ.എ എയർപോർട്ട് നം. 1നെ നിയ |

| | | | |
|---|---|---|---|
| | | | മിക്കുകയും ചെയ്തു. സ്ഫോടനവുമായി ബന്ധപ്പെട്ടുള്ള എല്ലാ കാര്യങ്ങളും ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചർച്ചചെയ്ത് ബ്ലാസ്റ്റിംഗ് തുടരുന്നു. ഇതിനോടകം 5 പ്രാവശ്യം ഈ കമ്മിറ്റി യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി. 14.2.15 ലെ യോഗത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയെയും നിയോഗിച്ചു. ബ്ലാസ്റ്റിംഗുമായി ബന്ധപ്പെട്ട് കിട്ടുന്ന പരാതികൾ പരിശോധിച്ച് നഷ്ടപരിഹാരം നിർദ്ദേശിക്കാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യാൻ 30 ലക്ഷം രൂപ ജില്ലാകലക്ടറെ മുൻകൂറായി ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | നാശനഷ്ടങ്ങളുണ്ടായതായി പരാതി തന്നവരുടെ പരാതി പരിശോധിച്ച് എത്രപേർക്കു നഷ്ടപരിഹാരം നൽകിയെന്നും ഓരോരുത്തർക്കും എത്ര തുക വീതം നഷ്ടപരിഹാരം നൽകിയെന്നും വ്യക്തമാക്കുമോ? | (സി) | ഇതുവരെ 143 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്